പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5769

9/7/2012 ൽ
മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രത്തിന്റെ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | ഹയർസെക്കണ്ടറി, കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ഭാഷാശേഷിയും തൊഴിൽ മേഖലയിൽ ആവശ്യമുള്ള നൈപുണ്യ വികസനത്തിനും ഉതകുന്ന തരത്തിൽ തൊഴിൽ നൈപുണ്യം നേടുന്നതിനുള്ള അധിക നൈപുണ്യ സമ്പാദന പദ്ധതി ( Additional Skill Acquisition Programme) നടപ്പിലാക്കുന്നു. വിശദാംശങ്ങൾ അനുബന്ധം ഒന്ന് ആയി ചേർക്കുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന ഉദ്ദേശ്യത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധം രണ്ട് ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം - 1

ആഗോളവൽക്കരണ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലഘട്ടത്തിന്റെ ഭാഗമായി വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യം ആർജ്ജിക്കുന്നതിനായി ഹയർസെക്കന്ററി, ഡിഗ്രി തലത്തിൽ പഠനത്തോടൊപ്പം Additional Skill Acquisition Programme ( ASAP ) എന്ന പദ്ധതിയും കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ തൊഴിൽ രഹിതരായവർക്ക് അവരുടെ ഏതെങ്കിലും മേഖലയിലെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി Additional Skill Enhancement Programme( (ASEP ) എന്ന പദ്ധതിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവ ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

Additional Skill Acquisition Programme ( ASAP ) പ്രകാരം പ്ലസ്ടു/ഹയർ സെക്കന്ററി, ഡിഗ്രി വിദ്യാർത്ഥികൾക്ക് അഭിരുചിയനുസരിച്ച് ഏതെങ്കിലുമൊരു തൊഴിലധിഷ്ഠിത കോഴ്സിന് ചേരാവുന്നതാണ്. പ്രസ്തുത കോഴ്സിന് വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടേയും അസോസിയേഷനുകളുടേയും അംഗീകാരം ലഭ്യമാകും. ഡിഗ്രി വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാകുമ്പോൾ ഇരട്ട ഡിഗ്രി കരസ്ഥമാക്കാനാവും. പദ്ധതി 2012-13 വർഷത്തിൽ ഗവൺമെന്റ് സ്കൂളുകളിലും കോളേജുകളിലുമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ക്രമേണ എയ്ഡഡ് മേഖലയിലേക്കും വ്യാപിപ്പിക്കുന്നതാണ്.

Additional Skill Enhancement Programme (ASEP) പദ്ധതി സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അങ്ങനെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽരഹിതരുടെ പേരുകൾ രജിസ്റ്റർ ചെയ്യുവാനുള്ള സ്ഥാപനം എന്ന നിലയിൽ നിന്നും അവരുടെ തൊഴിലിനു പ്രാപ്തരാക്കുന്ന തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ എന്ന നിലയിലേക്ക് മാറ്റുന്നതിന് പദ്ധതിയുണ്ട്. നിലവിലുള്ള ഐ.ടി.ഐ കളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിലെങ്കിലും തുടർച്ചയായി പരിശീലന പരിപാടികൾ സംഘടിപ്പിക്കും. കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

ഈ സർക്കാർ അധികാരമേറ്റശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

i

1. അക്കാദമിക് സിറ്റി.
2. സ്റ്റേറ്റ് അസിസ്റ്റഡ് ഫെഡ് ഫോർ യൂണിവേഴ്സിറ്റീസ് (SAFU)
3. ഉന്നത വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബിരുദതലത്തിലുള്ള വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (Scholar Support Programme)
4. ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭാവിയിൽ സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിനും ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ മേഖലകൾ കണ്ടെത്തിക്കൊടുക്കുന്നതിനുമുള്ള പഠിതാവിനൊപ്പം ഒരു പദ്ധതി ( Walk with a Scholar)
5. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി CQIP

II

1. തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ക്യാമ്പസിൽ സാങ്കേതിക സർവ്വകലാശാല (Technical University)
2. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ ഒരു ഐ.ഐ.റ്റി (IIT)

   തിരൂരിൽ മലയാളം സർവ്വകലാശാല (Malayalam University)
3. ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ( EFLU ) യുടെ ഓഫ് ക്യാമ്പസ് പാണക്കാട് സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.
4. സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ.